**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1484 14/06/2013-ൽ മറുപടിയ്ക്ക്

## ആദിവാസികൾക്ക് വേണ്ടി കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ശശി | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) അട്ടപ്പാടിയിൽ ആദിവാസികൾക്ക് വേണ്ടി കാർഷിക മേഖലയിൽ എത്ര പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്; നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാം; | എ) അട്ടപ്പാടിയിൽ ആദിവാസികൾക്ക് വേണ്ടി ഹോർട്ടിക്കൾച്ചർ നഴ്സറികൾ തുടങ്ങുന്നതിന് 18 പേർക്ക് പരിശീലനം നൽകുകയും നഴ്സറികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആദിവാസി ഊരുകളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിലേയ്ക്കായി 17 കോടിയുടെ പ്രോജക്ടിന് രൂപം നൽകി വരുന്നു.<br><br>കൂടാതെ അട്ടപ്പാടിയിലെ ആദിവാസികളുടെ ഉന്നമനത്തിനും അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും വേണ്ടി തെരഞ്ഞെടുക്കപ്പെട്ട 3 ഊരുകളിൽ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ സംസ്ഥാന പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ ധന സഹായത്തോടെ ഒരു കോടി രൂപയുടെ, താഴെ പറയുന്ന വികസന പദ്ധതികൾ ഈ വർഷം നടപ്പിലാക്കുന്നു.<br><br>1. ആദിവാസികളുടെ സ്വാശ്രയ സംഘങ്ങളുടെ രൂപീകരണം<br><br>2. കാർഷിക പരിശീലന പരിപാടികൾ<br><br>3. വാഴകൃഷി, പച്ചക്കറി കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക<br><br>4. ഉല്പന്നങ്ങളുടെ വിപണനത്തിനായി കളക്ഷൻ സെന്ററുകളുടെ രൂപീകരണം<br><br>5. ഉല്പന്നങ്ങളുടെ വിലയിടിയുന്ന അവസരങ്ങളിൽ ദൂരെയുള്ള മാർക്കറ്റുകളിലേയ്ക്ക് കൊണ്ടുപോകുവാനുള്ള വാഹന സൗകര്യം, ഫെയർ പ്രൈസ് സപ്പോർട്ട് (Fair Price Support) എന്നിവയാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്. |

| | | | |
|---|---|---|---|
| | | | അട്ടപ്പാടിയിൽ ആദിവാസികൾക്ക് വേണ്ടി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം ഔഷധസസ്യ മിഷൻ പദ്ധതി പ്രകാരം ഔഷധസസ്യ നഴ്സറി സ്ഥാപിക്കുന്നതിനും, ഔഷധസസ്യകൃഷി നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| ബി) | ഹോർട്ടികൾച്ചർ മിഷൻ ഏതെല്ലാം പദ്ധതികൾ നടപ്പാക്കുന്നുവെന്ന് വ്യക്തമാക്കാമോ ; | ബി) | സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി, ദേശീയ ഔഷധ സസ്യമിഷൻ പദ്ധതി, ഹൈടെക് ഫാമിംഗ് പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടുകൂടി നടപ്പിലാക്കുന്ന പച്ചക്കറി, പുഷ്പങ്ങൾ എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി ഗ്രീൻ ഹൗസ് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള സാരക്ഷിത കൃഷി, വാഴ, പച്ചക്കറികൾ എന്നിവയുടെ സൂക്ഷ്മകൃഷി, ടിഷ്യുക്കൾച്ചർ വാഴതൈകൾ ഉപയോഗിച്ചുള്ള വാഴകൃഷി, കൂൺ ഉത്പാദന യൂണിറ്റുകൾ, ഇടുക്കി ജില്ലയിലെ ശീതോഷ്ണകാല ഫലവർഗ്ഗകൃഷി, വട്ടവട, കാന്തല്ലൂർ പ്രദേശങ്ങളിലെ ശീതകാല പച്ചക്കറികൃഷി, ഭാരത് സേവക് സമാജിന്റെ വനിതാ പങ്കാളിത്ത കൂട്ടായ്മയിൽ കൂൺ ഉത്പാദനം, തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ നടപ്പിലാക്കുന്ന വെജിറ്റബിൽ ഇനിഷ്യേറ്റീവ് ഇൻ അർബൻ ക്ലസ്റ്റേഴ്സ്, പച്ചക്കറികൃഷി പ്രോത്സാഹന പദ്ധതി, വാഴയുടെ വിള വിസ്തൃതി വ്യാപനം, സംഗമൈത്രിയ്ക്ക് ഗ്രാമീണ വിപണിയുടെ അടിസ്ഥാന സൗകര്യവികസന പദ്ധതി എന്നിവ നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതികൾ എല്ലാ ജില്ലകളിലും പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന കൃഷി ഭവൻ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. ഇവ അട്ടപ്പാടി മേഖലയിലും നടപ്പിലാക്കിയിട്ടുണ്ട്; തുടർന്നും നടപ്പിലാക്കുന്ന-താണ്. |
| സി) | കാർഷിക മേഖലയിൽ എൻ.ജി.ഒ. കൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെ-ങ്കിൽ ഏതെല്ലാം എൻ.ജി.ഒ. കൾക്ക് എത്ര തുക വീതം കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | സി | കാർഷിക മേഖലയിൽ താഴെ പറയുന്ന എൻ.ജി.ഒ കൾ പ്രവർത്തിക്കുന്നു.<br>1. ഗംഗ ഇനിഷ്യേറ്റീവ് ഫാമിങ്ങ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് ട്രസ്റ്റ്, ഷോളയൂർ.<br>2. അട്ടപ്പാടി സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ, പാക്കുളം.<br>3. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സൊസൈറ്റി അഡ്വാൻസ്മെന്റ് വട്ടലക്കി.<br>കൃഷി വകുപ്പിന്റെ പദ്ധതി തുകയൊന്നും തന്നെ എൻ.ജി.ഒ കൾക്ക് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ